പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **6961** 13/07/2012-ൽ മറുപടിക്ക്.

**സംസ്ഥാന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| **(എ) സംസ്ഥാന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ;** | **(എ) കേന്ദ്രസർക്കാർ നടപ്പ് സാമ്പത്തിക വർഷം മുതൽ പുതിയ 5 വിഭാഗങ്ങളെക്കൂടി നിലവിലുള്ള പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. പുതിയതായി ഉൾപ്പെടുത്തിയ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അംഗങ്ങളെ പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള വിപുലമായ പ്രചാരണ പരിപാടികൾ നൽകുകയും ചെയ്തിട്ടുണ്ട്.** |
| **(ബി) എത്ര കുടുംബങ്ങളെ കൂടി ഈ പദ്ധതിയിൽ പങ്കാളികളാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;**<br><br>**(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?** | **(ബി & സി) നിലവിലുള്ള മാനദണ്ഡപ്രകാരം പദ്ധതിയിൽ ഉൾപ്പെടാൻ സാധിക്കാതെ പോയ കുടുംബങ്ങൾക്ക് പദ്ധതിയിൽ പങ്കാളികളാകുന്നതിന് സംസ്ഥാനത്തെ വിവിധ അക്ഷയ സെന്ററുകൾ വഴി 2011 ഡിസംബർ മാസം 1 മുതൽ 31 വരെ അവസരം നൽകുകയും കഴിഞ്ഞ വർഷത്തെ അംഗങ്ങൾ കൂടാതെ 4.8 ലക്ഷം കുടുംബങ്ങൾ കൂടി പുതുതായി രജിസ്റ്റർ ചെയ്യുകയും ഉണ്ടായി.** |

സെക്ഷൻ ഓഫീസർ